ഭാരത സർക്കാർ

നിയമ മന്ത്രാലയം

सत्यमेव जयते

# സാങ്കേതിക വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള അഖില ഭാരത സമിതി ആക്റ്റ്, 1987

(1987-ലെ 52-ാം നമ്പർ ആക്റ്റ്)

(2000 മാർച്ച് 30-ാം തീയതി നിലവിലിരുന്ന പ്രകാരം)

# The All India Council for Technical Education Act, 1987

**(Act No. 52 of 1987)**

(As on 30th March, 2000)

വില : 35.00 രൂപ

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ട് തിരുവനന്തപുരം
സർക്കാർ സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്
2011

## ആമുഖം

2000 മാർച്ച് 30-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള സാങ്കേതിക വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള അഖില ഭാരത സമിതി ആക്റ്റ്, 1987 (1987-ലെ 52-ാം നമ്പർ ആക്റ്റ്)-ന്റെ മലയാളത്തിലുള്ള ആധികാരിക പാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2011 ജൂൺ 28-ാം തീയതിയിലെ അസാധാരണ ഭാരത ഗസറ്റ് XI-ാം ഭാഗം 1-ാം വകുപ്പ്, I-ാം വാല്യം, 7-ാം നമ്പരായി 1 മുതൽ 15 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരിക്കുന്നു.

ഈ ആധികാരിക പരിഭാഷ, ആധികാരിക പാഠങ്ങൾ (കേന്ദ്രനിയമങ്ങൾ) ആക്റ്റ്, 1973-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് ഭാരതത്തിന്റെ രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അപ്രകാരം പ്രസിദ്ധീകരിച്ചതിന്മേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായിത്തീരുകയും ചെയ്തു.

ഡോ. രഘ്ബീർ സിങ്,

*ഭാരതസർക്കാരിന്റെ സെക്രട്ടറി.*

## PREFACE

This edition of the All India Council for Technical Education Act, 1987 (Act No. 52 of 1987) as on 30th March, 2000 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI, Section 1, Vol. I, No. 7 dated 28th July, 2011 on pages 1 to 15.

This authorised translation was published under the authority of the President of India under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 and on such publication it became the authoritative text of that Act in Malayalam.

DR. RAGHBIR SINGH,

*Secretary to the Government of India.*

GCPT. 3/3090/2011/DTP.

## സാങ്കേതിക വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള അഖില ഭാരത സമിതി ആക്റ്റ്, 1987
## (1987-ലെ 52-ാം നമ്പർ ആക്റ്റ്)

### ഉള്ളടക്കം

### അദ്ധ്യായം I
### പ്രാരംഭികം


*വകുപ്പുകൾ* — *പേജ്*

1. ചുരുക്കപ്പേരും പ്രാരംഭവും — 1
2. നിർവ്വചനങ്ങൾ — 1

അദ്ധ്യായം II

സമിതിയുടെ സ്ഥാപിക്കൽ

3. സമിതിയുടെ സ്ഥാപിക്കൽ — 2
4. അംഗങ്ങളുടെ ഉദ്യോഗകാലാവധി — 4
5. സമിതിയുടെ യോഗങ്ങൾ — 5
6. ഒഴിവുകൾ മുതലായവ സമിതിയുടെ നടപടികളെ അസാധുവാക്കുന്നതല്ലെന്ന് — 5
7. പ്രത്യേക ആവശ്യങ്ങൾക്ക് താൽക്കാലികമായി ആളുകളെ സമിതിയുമായി സഹകരിപ്പിക്കാമെന്ന് — 5
8. സമിതിയിലെ ഉദ്യോഗസ്ഥന്മാരുടെയും മറ്റ് ജീവനക്കാരുടെയും നിയമനം — 5
9. സമിതിയുടെ ഉത്തരവുകളുടെയും മറ്റ് പ്രമാണങ്ങളുടെയും പ്രമാണീകരണം — 6

അദ്ധ്യായം III

സമിതിയുടെ അധികാരങ്ങളും ചുമതലകളും

10. സമിതിയുടെ ചുമതലകൾ — 6
11. പരിശോധന — 8

അദ്ധ്യായം IV

സമിതിയുടെ നികായങ്ങൾ

12. സമിതിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി — 9
13. പഠനബോർഡുകൾ — 10
14. മേഖലാ കമ്മിറ്റികൾ — 10

അദ്ധ്യായം V

ധനകാര്യവും അക്കൗണ്ടുകളും ആഡിറ്റും

15. സമിതിക്ക് പണം കൊടുക്കൽ — 11
16. സമിതിയുടെ നിധി — 11
17. ബഡ്ജറ്റ് — 11
18. വാർഷിക റിപ്പോർട്ട് — 11
19. അക്കൗണ്ടുകളും ആഡിറ്റും — 11

അദ്ധ്യായം VI

പലവക

20. കേന്ദ്ര സർക്കാരിനാലുള്ള നിർദ്ദേശങ്ങൾ — 12
21. സമിതിയെ അതിലംഘിക്കാനുള്ള അധികാരം — 12
22. ചട്ടങ്ങളുണ്ടാക്കാനുള്ള അധികാരം — 13
23. റെഗുലേഷനുകൾ ഉണ്ടാക്കാനുള്ള അധികാരം — 13
24. ചട്ടങ്ങളും റെഗുലേഷനുകളും പാർലമെന്റ് മുമ്പാകെ വയ്ക്കണമെന്ന് — 14
25. വിഷമതകൾ നീക്കം ചെയ്യാനുള്ള അധികാരം — 14

# സാങ്കേതിക വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള അഖില ഭാരത സമിതി ആക്റ്റ്, 1987

**(1987-ലെ 52-ാം നമ്പർ ആക്റ്റ്)**

[1987 ഡിസംബർ, 23]

**രാജ്യത്താകമാനമുള്ള സാങ്കേതിക വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ശരിയായ ആസൂത്രണവും ഏകോപിത വികസനവും മുൻനിർത്തി സാങ്കേതിക വിദ്യാഭ്യാസത്തിന് ഒരു അഖിലഭാരത സമിതി സ്ഥാപിക്കുന്നതിനും അത്തരം വിദ്യാഭ്യാസത്തിന്റെ ഗുണപരമായ മേൻമ ആസൂത്രിതവും പരിമാണാത്മകവുമായ വളർച്ചയുടെ അനുബന്ധമായി പ്രോത്സാഹിപ്പിക്കുന്നതിനും സാങ്കേതിക വിദ്യാഭ്യാസ സമ്പ്രദായത്തിലുള്ള മാനകവും നിലവാരവും ക്രമീകരിക്കുന്നതിനും ശരിയായി നിലനിർത്തുന്നതിനുള്ള വ്യവസ്ഥകൾക്കും അവയുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങൾക്കും വ്യവസ്ഥ ചെയ്യുന്നതിനുള്ള**

ഒരു

**ആക്റ്റ്**

ഭാരത റിപ്പബ്ലിക്കിന്റെ മുപ്പത്തെട്ടാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

## അദ്ധ്യായം I

## പ്രാരംഭം

1. (1) ഈ ആക്റ്റിന് സാങ്കേതിക വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള അഖില ഭാരത സമിതി ആക്റ്റ്, 1987 എന്നു പേര് പറയാവുന്നതാണ്. ചുരുക്കപ്പേരും പ്രാരംഭവും

(2) ഇത് കേന്ദ്രസർക്കാർ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി നിശ്ചയിക്കാവുന്ന തീയതി [1]പ്രാബല്യത്തിൽ വരുന്നതാണ്.

2. ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,— നിർവചനങ്ങൾ

(ക) "കമ്മീഷൻ" എന്നാൽ സർവ്വകലാശാല ധനസഹായ കമ്മീഷൻ ആക്റ്റ്, 1956 (1956-ലെ 3)-ന്റെ 4-ാം വകുപ്പിൻ കീഴിൽ സ്ഥാപിച്ച സർവ്വകലാശാല ധനസഹായ കമ്മീഷൻ എന്നർത്ഥമാകുന്നു;

(ഖ) "സമിതി" എന്നാൽ 3-ാം വകുപ്പിൻകീഴിൽ സ്ഥാപിച്ച സാങ്കേതിക വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള അഖില ഭാരത സമിതി എന്നർത്ഥമാകുന്നു;

(ഗ) "നിധി" എന്നാൽ 16-ാം വകുപ്പിൻകീഴിൽ രൂപീകരിച്ച നിധി എന്നർത്ഥമാകുന്നു.

(ഘ) "അംഗം" എന്നാൽ സമിതിയിലെ ഒരംഗം എന്നർത്ഥമാകുന്നതും അതിൽ ചെയർമാനും വൈസ് ചെയർമാനും ഉൾപ്പെടുന്നതുമാകുന്നു;

(ങ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

1. 28-3-1988-ലെ എസ്. ഒ. നമ്പർ 317 (ങ) വിജ്ഞാപനപ്രകാരം 28-3-1988-ാം തീയതി.

GCPT 3/3090/2011/DTP

(ച) "റഗുലേഷനുകൾ" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെട്ട റഗുലേഷനുകൾ എന്നർത്ഥമാകുന്നു;

(ഛ) "സാങ്കേതിക വിദ്യാഭ്യാസം" എന്നാൽ ഇഞ്ചിനീയറിംഗ് സാങ്കേതിക ശാസ്ത്രത്തിലും വാസ്തുകലയിലും നഗരാസൂത്രണത്തിലും മാനേജുമെന്റിലും ഫാർമസിയിലും പ്രയുക്ത കലകളിലും കൈത്തൊഴിലുകളിലും കേന്ദ്രസർക്കാർ സമിതിയുമായി ആലോചിച്ച് ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി പ്രഖ്യാപിക്കാവുന്ന അങ്ങനെയുള്ള മറ്റു പരിപാടികളിലും അല്ലെങ്കിൽ മേഖലകളിലും ഉള്ള വിദ്യാഭ്യാസ പരിപാടികളും ഗവേഷണവും പരിശീലനവും എന്നർത്ഥമാകുന്നു;

(ജ) "സാങ്കേതിക സ്ഥാപനം" എന്നാൽ സാങ്കേതിക വിദ്യാഭ്യാസ പഠനക്രമങ്ങളും പരിപാടികളും നൽകുന്ന, ഒരു സർവ്വകലാശാലയല്ലാത്ത സ്ഥാപനം എന്നർത്ഥമാകുന്നതും അതിൽ കേന്ദ്രസർക്കാർ സമിതിയുമായി ആലോചിച്ച് ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളായി പ്രഖ്യാപിക്കുന്നതുമായ അങ്ങനെയുള്ള മറ്റു സ്ഥാപനങ്ങൾ ഉൾപ്പെടുന്നതുമാകുന്നു;

(ഝ) "സർവ്വകലാശാല" എന്നാൽ സർവ്വകലാശാല ധനസഹായ കമ്മീഷൻ ആക്റ്റ്, 1956 (1956-ലെ 3)-ന്റെ രണ്ടാം വകുപ്പ് (ച) ഖണ്ഡത്തിൻകീഴിൽ നിർവ്വചിച്ചിട്ടുള്ള സർവ്വകലാശാല എന്നർത്ഥമാകുന്നതും അതിൽ ആ ആക്റ്റിലെ 3-ാം വകുപ്പിൻകീഴിൽ സർവ്വകലാശാലയായി കരുതപ്പെടുന്ന ഒരു സ്ഥാപനം ഉൾപ്പെടുന്നതുമാകുന്നു.

## അദ്ധ്യായം II

## സമിതിയുടെ സ്ഥാപിക്കൽ

സമിതിയുടെ സ്ഥാപിക്കൽ

3. (1) കേന്ദ്ര സർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി നിശ്ചയിക്കാവുന്ന തീയതി മുതൽ പ്രാബല്യത്തോടുകൂടി, സാങ്കേതിക വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള അഖിലഭാരതസമിതി എന്ന പേരിൽ ഒരു സമിതി സ്ഥാപിക്കേണ്ടതാണ്.

(2) സമിതി മുൻപറഞ്ഞ പേരോടുകൂടിയ ശാശ്വതമായ പിൻതുടർച്ചാവകാശവും പൊതുമുദ്രയുമുള്ള ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതും അതിന് കരാറിലേർപ്പെടുന്നതിനും പ്രസ്തുത പേരിൽ വ്യവഹരിക്കുന്നതിനും വ്യവഹരിക്കപ്പെടുന്നതിനുമുള്ള അധികാരമുണ്ടായിരിക്കുന്നതുമാണ്.

(3) സമിതിയുടെ ഹെഡ് ഓഫീസ് ഡൽഹിയിൽ ആയിരിക്കുന്നതും കേന്ദ്ര സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടെ സമിതിക്ക് ഭാരതത്തിലെ മറ്റു സ്ഥലങ്ങളിൽ ഓഫീസുകൾ സ്ഥാപിക്കാവുന്നതും ആണ്.

(4) സമിതി താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയതായിരിക്കുന്നതാണ്, അതായത്:—

(ക) കേന്ദ്ര സർക്കാരിനാൽ നിയമിക്കപ്പെടേണ്ട ഒരു ചെയർമാൻ;

(ഖ) കേന്ദ്ര സർക്കാരിനാൽ നിയമിക്കപ്പെടേണ്ട ഒരു വൈസ് ചെയർമാൻ;

(ഗ) ഭാരത സർക്കാരിന്റെ വിദ്യാഭ്യാസം കൈകാര്യം ചെയ്യുന്ന മന്ത്രാലയത്തിന്റെ സെക്രട്ടറി—എക്സ് ഒഫീഷ്യോ;

(ഘ) ഭാരത സർക്കാരിന്റെ വിദ്യാഭ്യാസ ഉപദേശകൻ (ജനറൽ)—എക്സ് ഒഫീഷ്യോ;

(ങ) നാല് പ്രാദേശിക കമ്മിറ്റികളുടെ ചെയർമാൻമാർ—എക്സ് ഒഫിഷ്യോ;

(ച) (i) അഖിലഭാരത തൊഴിലധിഷ്ഠിത വിദ്യാഭ്യാസ ബോർഡിന്റെയും;

(ii) അഖിലഭാരത സാങ്കേതിക വിദ്യാഭ്യാസ ബോർഡിന്റെയും;

(iii) ഇഞ്ചിനീയറിംഗിലും സാങ്കേതിക ശാസ്ത്രത്തിലും അണ്ടർ ഗ്രാഡുവേറ്റ് പഠനങ്ങൾക്കുള്ള അഖിലഭാരത ബോർഡിന്റെയും;

(iv) ഇഞ്ചിനീയറിംഗിലും സാങ്കേതിക ശാസ്ത്രത്തിലുമുള്ള ബിരുദാനന്തരപഠനത്തിനും ഗവേഷണത്തിനുമുള്ള അഖിലഭാരത ബോർഡിന്റെയും;

(v) മാനേജ്മെന്റ് പഠനങ്ങൾക്കുള്ള അഖിലഭാരത ബോർഡിന്റെയും,

ചെയർമാൻമാർ—എക്സ് ഒഫീഷ്യോ.

(ഛ) കേന്ദ്ര സർക്കാരിന്റെ ധനമന്ത്രാലയത്തെ പ്രതിനിധീകരിക്കുന്നതിന് കേന്ദ്രസർക്കാർ നിയമിക്കേണ്ട ഒരംഗം;

(ജ) കേന്ദ്ര സർക്കാരിന്റെ ശാസ്ത്രസാങ്കേതിക മന്ത്രാലയത്തെ പ്രതിനിധീകരിക്കുന്നതിന് കേന്ദ്രസർക്കാർ നിയമിക്കേണ്ട ഒരംഗം;

(ഝ) (ഛ) ഖണ്ഡത്തിലും (ജ) ഖണ്ഡത്തിലും വിനിർദ്ദേശിച്ചിട്ടുള്ളതല്ലാത്ത കേന്ദ്ര സർക്കാരിന്റെ മന്ത്രാലയങ്ങളെയും വകുപ്പുകളെയും പ്രതിനിധീകരിക്കുന്നതിന് പരിവർത്തന ക്രമത്തിൽ കേന്ദ്ര സർക്കാർ നിയമിക്കേണ്ട നാല് അംഗങ്ങൾ;

(ഞ) രണ്ട് പാർലമെന്റംഗങ്ങൾ—അതിൽ ഒരംഗത്തെ ലോകസഭയും മറ്റേ അംഗത്തെ രാജ്യസഭയും തിരഞ്ഞെടുക്കേണ്ടതാണ്;

(ട) സംസ്ഥാനങ്ങളേയും യൂണിയൻ പ്രദേശങ്ങളേയും പ്രതിനിധീകരിക്കുന്നതിന് അക്ഷരമാലക്രമത്തിലുള്ള പരിവർത്തനമുറയിൽ കേന്ദ്രസർക്കാർ നിയമിക്കേണ്ട എട്ട് അംഗങ്ങൾ:

എന്നാൽ, ഈ ഖണ്ഡമനുസരിച്ചുള്ള നിയമനങ്ങൾ, അതതു സംഗതിപോലെ, ബന്ധപ്പെട്ട സംസ്ഥാനത്തിന്റെയോ യൂണിയൻ പ്രദേശത്തിന്റെയോ സർക്കാരിന്റെ ശിപാർശ പ്രകാരമായിരിക്കേണ്ടതാണ്.

(ഠ) വ്യവസായ വാണിജ്യ മേഖലകളിലെ സംഘടനകളെ പ്രതിനിധീകരിക്കുന്നതിന് കേന്ദ്രസർക്കാർ നിയമിക്കേണ്ട നാല് അംഗങ്ങൾ;

(ഡ) (i) കേന്ദ്രവിദ്യാഭ്യാസ ഉപദേശക ബോർഡിനെയും;

(ii) ഭാരത സർവ്വകലാശാലകളുടെ സമാജത്തെയും;

(iii) സാങ്കേതിക വിദ്യാഭ്യാസത്തിനുള്ള ഭാരത സംഘത്തെയും;

(iv) ഭാരത സാങ്കേതിക വിജ്ഞാന ഇൻസ്റ്റിറ്റ്യൂട്ടുകളുടെ സമിതിയെയും;

(v) ഭാരത ഫാർമസി കൗൺസിലിനെയും;

(vi) വാസ്തുകലാ കൗൺസിലിനെയും;

(vii) ദേശീയ ഉല്പാദനക്ഷമതാ കൗൺസിലിനെയും, പ്രതിനിധീകരിക്കുന്നതിന് കേന്ദ്രസർക്കാർ നിയമിക്കേണ്ട ഏഴ് അംഗങ്ങൾ;

(ഢ) സാങ്കേതിക-മാനേജ്മെന്റ്-വിദ്യാഭ്യാസ മേഖലകളിലെ പ്രൊഫഷണൽ ബോഡികളെ പ്രതിനിധീകരിക്കുന്നതിന് കേന്ദ്ര സർക്കാർ നിയമിക്കേണ്ട നാലംഗങ്ങൾ;

(ണ) മുൻപറഞ്ഞ ഖണ്ഡങ്ങളിൽ ഉൾപ്പെട്ടിട്ടില്ലാത്ത അങ്ങനെയുള്ള താല്പര്യങ്ങളെ പ്രതിനിധീകരിക്കുന്നതിന് കേന്ദ്ര സർക്കാരിന് യുക്തമെന്നു തോന്നുന്നതും അത് നിയമിക്കേണ്ടതുമായ രണ്ടിൽ കവിയാത്ത അംഗങ്ങൾ;

(ത) സർവ്വകലാശാല ധനസഹായ കമ്മീഷന്റെ ചെയർമാൻ—എക്സ് ഒഫീഷ്യോ;

(ഥ) ന്യൂഡൽഹിയിലെ പ്രയുക്ത മാനവശേഷി ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർ—എക്സ് ഒഫീഷ്യോ;

(ദ) ഭാരത കാർഷിക ഗവേഷണ കൗൺസിലിന്റെ ഡയറക്ടർ ജനറൽ—എക്സ് ഒഫീഷ്യോ;

(ധ) ശാസ്ത്ര വ്യവസായ ഗവേഷണ കൗൺസിലിന്റെ ഡയറക്ടർ ജനറൽ—എക്സ് ഒഫീഷ്യോ;

(ന) കേന്ദ്ര സർക്കാർ നിയമിക്കേണ്ട മെമ്പർ സെക്രട്ടറി.

(5) നാലാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും,—

(ക) കേന്ദ്ര സർക്കാരിന്റെ മാനവവിഭവ വികസന മന്ത്രി ആദ്യത്തെ ചെയർമാൻ ആയിരിക്കേണ്ടതും;

(ഖ) കേന്ദ്ര സർക്കാരിന്റെ വിദ്യാഭ്യാസ സഹമന്ത്രി സമിതിയുടെ ആദ്യ വൈസ് ചെയർമാൻ ആയിരിക്കേണ്ടതും;

(ഗ) കേന്ദ്ര സർക്കാരിന്റെ വിദ്യാഭ്യാസ ഉപദേശകൻ (സാങ്കേതികം) സമിതിയുടെ ആദ്യത്തെ മെമ്പർ സെക്രട്ടറി ആയിരിക്കേണ്ടതുമാകുന്നു.

അംഗങ്ങളുടെ ഉദ്യോഗ കാലാവധി.

4. (1) എക്സ് ഒഫീഷ്യോ അംഗമല്ലാത്ത ഒരംഗത്തിന്റെ ഉദ്യോഗകാലാവധി സമിതിയുടെ ആദ്യ രൂപീകരണത്തിൽ അഞ്ചു വർഷവും അതിനുശേഷം മൂന്നു വർഷവും ആയിരിക്കുന്നതാണ്.

(2) ചെയർമാന്റെ ഉദ്യോഗത്തിൽ മരണമോ രാജിയോ അല്ലെങ്കിൽ അസുഖമോ മറ്റു കഴിവില്ലായ്മയോ കാരണത്താൽ തന്റെ ചുമതലകൾ നിർവ്വഹിക്കാൻ സാധിക്കാതെ വരുകയോ ചെയ്യുന്നതുമൂലം ഒരു യാദൃച്ഛിക ഒഴിവുണ്ടാവുകയാണെങ്കിൽ, വൈസ് ചെയർമാനായി തത്സമയം ഉദ്യോഗം വഹിക്കുന്ന ആൾ ചെയർമാനായി പ്രവർത്തിക്കേണ്ടതും, നേരത്തേതന്നെ മറ്റാരെയെങ്കിലും ചെയർമാനായി നിയമിച്ചില്ലെങ്കിൽ ആരുടെ സ്ഥാനത്തേക്കാണോ അയാൾ അങ്ങനെ പ്രവർത്തിക്കേണ്ടത് ആ ആളുടെ ശേഷിച്ച ഉദ്യോഗകാലത്തേക്ക് ചെയർമാനായി അയാൾ പ്രവർത്തിക്കേണ്ടതും ആണ്.

(3) വൈസ് ചെയർമാന്റെയോ മറ്റ് ഏതെങ്കിലും അംഗത്തിന്റെയോ ഉദ്യോഗത്തിൽ അയാളുടെ മരണമോ രാജിയോ അസുഖമോ അല്ലെങ്കിൽ കഴിവുകേടോ കാരണം അയാളുടെ ഔദ്യോഗിക കൃത്യനിർവ്വഹണം സാധിക്കാതെ വരുകയോ ചെയ്യുന്നതുമൂലം യാദൃച്ഛികമായി ഒഴിവുണ്ടാകുകയാണെങ്കിൽ അങ്ങനെയുള്ള ഒഴിവ് കേന്ദ്ര സർക്കാർ പുതിയ നിയമനം നടത്തി നികത്തേണ്ടതും അപ്രകാരം നിയമിക്കപ്പെടുന്ന അംഗം ആരുടെ സ്ഥാനത്തേക്കാണോ നിയമിക്കപ്പെട്ടത് അയാളുടെ ഉദ്യോഗ കാലാവധിയുടെ ശേഷിച്ച കാലത്തേക്ക് ഉദ്യോഗം വഹിക്കേണ്ടതുമാണ്.

(4) വൈസ് ചെയർമാൻ, അപ്പോഴപ്പോൾ ചെയർമാൻ അയാൾക്കു നൽകുന്ന അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്.

(5) അംഗങ്ങൾ അവരുടെ ചുമതലകൾ നിർവ്വഹിക്കുമ്പോൾ അനുവർത്തിക്കേണ്ട നടപടിക്രമം നിർണ്ണയിക്കപ്പെടാവുന്നപ്രകാരമായിരിക്കേണ്ടതാണ്.

സമിതിയുടെ യോഗങ്ങൾ.

5. (1) സമിതി, റഗുലേഷനുകളാൽ വ്യവസ്ഥ ചെയ്യാവുന്ന അങ്ങനെയുള്ള സമയത്തും സ്ഥലങ്ങളിലും യോഗം ചേരേണ്ടതും ബിസിനസ്സിന്റെ നടത്തിപ്പ് സംബന്ധിച്ച നടപടിക്രമം ഉൾപ്പെടെ അങ്ങനെയുള്ള യോഗങ്ങളിലെ ക്വോറം പാലിക്കേണ്ടതുമാണ്:

എന്നാൽ, സമിതി ഓരോ വർഷവും ഒരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്.

(2) സമിതിയുടെ യോഗങ്ങളിൽ ചെയർമാനോ അയാളുടെ അഭാവത്തിൽ വൈസ് ചെയർമാനോ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്.

(3) ഏതെങ്കിലും കാരണവശാൽ അദ്ധ്യക്ഷനോ, അല്ലെങ്കിൽ ഉപാദ്ധ്യക്ഷനോ സമിതിയുടെ ഏതെങ്കിലും യോഗത്തിൽ സന്നിഹിതനാകാൻ സാധിക്കാതെ വരുമ്പോൾ, യോഗത്തിൽ സംബന്ധിച്ചിട്ടുള്ള അംഗങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്ന ഒരംഗം ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്.

(4) സമിതിയുടെ ഏതെങ്കിലും യോഗത്തിനു മുമ്പാകെ തീരുമാനത്തിനുവരുന്ന എല്ലാ പ്രശ്നങ്ങളും ഹാജരായിട്ടുള്ളതും വോട്ടു ചെയ്യുന്നതുമായ അംഗങ്ങളുടെ ഭൂരിപക്ഷ വോട്ടിന്റെ അടിസ്ഥാനത്തിൽ തീരുമാനിക്കേണ്ടതും വോട്ടുകൾ തുല്യമായി വരുന്ന സംഗതിയിൽ, ചെയർമാനോ അല്ലെങ്കിൽ അയാളുടെ അഭാവത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുന്ന ആൾക്കോ രണ്ടാം വോട്ടോ അല്ലെങ്കിൽ നിർണ്ണായകവോട്ടോ ഉണ്ടായിരിക്കുന്നതും അത് പ്രയോഗിക്കേണ്ടതുമാണ്.

ഒഴിവുകൾ മുതലായവ സമിതിയുടെ നടപടികളെ അസാധുവാക്കുന്നതല്ലെന്ന്.

6. സമിതിയുടെ യാതൊരു കൃത്യവും അല്ലെങ്കിൽ നടപടിയും—

(ക) സമിതിയിലെ ഏതെങ്കിലും ഒഴിവോ അല്ലെങ്കിൽ രൂപീകരണത്തിൽ ഉണ്ടായിട്ടുള്ള ഏതെങ്കിലും ന്യൂനതയോ; അല്ലെങ്കിൽ

(ഖ) സമിതിയിലെ അംഗമായി പ്രവർത്തിക്കുന്ന ആളുടെ നിയമനത്തിലെ ഏതെങ്കിലും ന്യൂനതയോ; അല്ലെങ്കിൽ

(ഗ) സംഗതിയുടെ യോഗ്യതയെ ബാധിക്കാത്ത സമിതിയുടെ നടപടിക്രമത്തിലുള്ള ഏതെങ്കിലും ക്രമക്കേടോ,

കാരണത്താൽ മാത്രം അസാധുവാകുന്നതല്ല.

പ്രത്യേക ആവശ്യങ്ങൾക്ക് താൽക്കാലികമായി ആളുകളെ സമിതിയുമായി സഹകരിപ്പിക്കാമെന്ന്.

7. (1) ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകൾ നടപ്പാക്കുന്നതിനും ഏതെങ്കിലും ആളുടെ സഹായമോ ഉപദേശമോ ആവശ്യമായിവരുമ്പോൾ, സമിതിക്ക്, റഗുലേഷനുകളാൽ നിശ്ചയിക്കാവുന്ന അങ്ങനെയുള്ള രീതിയിലും ആവശ്യങ്ങൾക്കും അയാളെ അതുമായി സഹകരിപ്പിക്കാവുന്നതാണ്.

(2) ഏതെങ്കിലും ആവശ്യത്തിന് സമിതിയുമായി (1)-ാം ഉപവകുപ്പിൻകീഴിൽ സഹകരിപ്പിക്കപ്പെട്ടിട്ടുള്ള ഒരു ആൾക്ക് ആ ആവശ്യവുമായി ബന്ധപ്പെട്ട ചർച്ചകളിൽ സംബന്ധിക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതും എന്നാൽ സമിതിയുടെ യോഗത്തിൽ വോട്ടു ചെയ്യാൻ അവകാശമുണ്ടായിരിക്കുന്നതല്ലാത്തതും മറ്റ് ഏതെങ്കിലും ആവശ്യത്തിന് ഒരു അംഗമല്ലാതിരിക്കുന്നതുമാണ്.

സമിതിയിലെ ഉദ്യോഗസ്ഥൻമാരുടെയും മറ്റ് ജീവനക്കാരുടെയും നിയമനം.

8. (1) സമിതി ഈ ആക്റ്റിൻകീഴിലുള്ള അതിന്റെ ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് അതിനെ പ്രാപ്തമാക്കുന്ന ആവശ്യത്തിലേക്ക് ആവശ്യമെന്ന് അത് കരുതുന്നത്ര ആഫീസർമാരെയും ജീവനക്കാരെയും ഈ ആവശ്യത്തിലേക്ക് ഉണ്ടാക്കാവുന്ന അങ്ങനെയുള്ള റഗുലേഷനുകൾക്കു വിധേയമായി ഡെപ്യൂട്ടേഷനിലോ മറ്റുവിധത്തിലോ നിയമിക്കേണ്ടതാണ്:

GCPT. 3/3090/2011/DTP.

എന്നാൽ, റഗുലേഷനുകളിൽ നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള വിഭാഗത്തിൽപ്പെടുന്ന ഓഫീസർമാരുടെ നിയമനം കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിന് വിധേയമായിരിക്കുന്നതാണ്.

(2) സമിതി നിയമിക്കുന്ന ഓരോ ഓഫീസറും മറ്റു ജീവനക്കാരനും റഗുലേഷനുകളാൽ നിശ്ചയിക്കപ്പെടുന്ന അങ്ങനെയുള്ള സേവന വ്യവസ്ഥകൾക്ക് വിധേയനായിരിക്കുന്നതും അങ്ങനെയുള്ള പ്രതിഫലത്തിന് അവകാശമുണ്ടായിരിക്കുന്നതുമാണ്.

സമിതിയുടെ ഉത്തരവുകളുടെയും മറ്റു പ്രമാണങ്ങളുടെയും പ്രമാണീകരണം.

9. സമിതിയുടെ എല്ലാ ഉത്തരവുകളും തീരുമാനങ്ങളും ചെയർമാനോ അല്ലെങ്കിൽ സമിതി ഇതിലേക്ക് അധികാരപ്പെടുത്തിയിട്ടുള്ള മറ്റ് ഏതെങ്കിലും അംഗമോ ഒപ്പുവച്ചു പ്രമാണീകരിക്കേണ്ടതും, സമിതി പുറപ്പെടുവിക്കുന്ന മറ്റ് എല്ലാ പ്രമാണങ്ങളും മെമ്പർ സെക്രട്ടറിയോ സമിതി ഇതിലേക്ക് അധികാരപ്പെടുത്തുന്ന മറ്റ് ഏതെങ്കിലും ഓഫീസറോ അതേ രീതിയിൽ ഒപ്പുവച്ച് പ്രമാണീകരിക്കേണ്ടതുമാണ്.

## അദ്ധ്യായം III

## സമിതിയുടെ അധികാരങ്ങളും ചുമതലകളും

സമിതിയുടെ ചുമതലകൾ.

10. (1) സാങ്കേതിക വിദ്യാഭ്യാസത്തിന്റെ ഏകോപിതവും സംയോജിതവുമായ വികസനവും നിലവാരത്തിന്റെ സംരക്ഷണവും ഉറപ്പുവരുത്തുന്നതിനും അത് യുക്തമെന്നു കരുതാവുന്ന എല്ലാ നടപടികളും സ്വീകരിക്കേണ്ടത് സമിതിയുടെ കർത്തവ്യം ആയിരിക്കുന്നതും ഈ ആക്റ്റിൻകീഴിലുള്ള അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിന്റെ ആവശ്യങ്ങൾക്കായി, സമിതിക്ക്:—

(ക) സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ വിവിധ മേഖലകളിലെ സർവ്വെ നടത്തേണ്ടതും ബന്ധപ്പെട്ട കാര്യങ്ങളിൻമേലുള്ള എല്ലാ വിവരങ്ങളും ശേഖരിക്കുകയും സാങ്കേതിക വിദ്യാഭ്യാസത്തിനാവശ്യമായ വളർച്ചയും വികസനവും ആസൂത്രണം ചെയ്യുകയും;

(ഖ) രാജ്യത്തെ സാങ്കേതിക വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും ഉള്ള വികസനം ഏകോപിപ്പിക്കുകയും;

(ഗ) സമിതിയുടെ നിധിയിൽനിന്നുമുള്ള ഗ്രാന്റുകൾ യുക്തമെന്ന് അതിന് തോന്നുന്ന അങ്ങനെയുള്ള നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി—

(i) സാങ്കേതിക സ്ഥാപനങ്ങൾക്കും;

(ii) കമ്മീഷനുമായി ഏകോപിച്ച് സാങ്കേതിക വിദ്യാഭ്യാസം നൽകുന്ന സർവ്വകലാശാലകൾക്കും;

വിഭജിച്ചുകൊടുക്കുകയും വിതരണം നടത്തുകയും;

(ഘ) സുസ്ഥാപിതങ്ങളും നൂതനങ്ങളുമായ സാങ്കേതിക വിദ്യകളിൽ നൂതനാവിഷ്കരണം, ഗവേഷണം, വികസനം എന്നിവയെയും വികസനപരമായ ആവശ്യങ്ങൾ നേരിടുന്നതിന് വിദ്യാഭ്യാസപ്രക്രിയകൾ ഒട്ടാകെ മെച്ചപ്പെടുത്തുന്നതിനും വേണ്ടി പുതിയ സാങ്കേതിക വിദ്യകൾ സൃഷ്ടിക്കുകയും സ്വീകരിക്കുകയും ആവശ്യാനുസരണം മാറ്റങ്ങൾ വരുത്തി സ്വീകരിക്കുകയും ചെയ്യുന്നതിനേയും പ്രോത്സാഹിപ്പിക്കുകയും;

(ങ) സ്ത്രീകൾക്കും, വികലാംഗർക്കും, സമൂഹത്തിലെ അവശവിഭാഗങ്ങൾക്കുംവേണ്ടി സാങ്കേതിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുകയും;

(ച) സാങ്കേതിക വിദ്യാഭ്യാസ സമ്പ്രദായവും ഗവേഷണ വികസന സംഘടനകളും വ്യവസായവും സമൂഹവും ഉൾപ്പെടെയുള്ള മറ്റു പ്രസക്ത സമ്പ്രദായങ്ങളും തമ്മിൽ ഫലപ്രദമായ ബന്ധം പ്രോത്സാഹിപ്പിക്കുകയും;

(ഛ) സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും സർവ്വകലാശാലകളും നൽകുന്ന സാങ്കേതിക വിദ്യാഭ്യാസത്തിന് ഉത്തരവാദിത്വം ഫലത്തിൽ കൊണ്ടുവരുന്നതിനുള്ള മാനദണ്ഡങ്ങളും സംവിധാനവും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഉചിതമായ പ്രവർത്തന വിലയിരുത്തൽ സമ്പ്രദായങ്ങൾ ഏർപ്പെടുത്തുകയും;

(ജ) അദ്ധ്യാപകർക്ക് പ്രാരംഭപരിശീലനവും സർവ്വീസിനിടയ്ക്കുള്ള പരിശീലനവും നൽകാൻവേണ്ടി പദ്ധതികൾ ആവിഷ്കരിക്കുന്നതിനും സ്ഥാപനങ്ങളെയോ കേന്ദ്രങ്ങളെയോ അതിനായി തിരിച്ചറിയുന്നതിനും അദ്ധ്യാപകരുടെ തുടർവിദ്യാഭ്യാസം ഉൾപ്പെടെ ജീവനക്കാരുടെ വികസന പരിപാടികൾ നൽകുന്നതിന് പുതിയ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും;

(ഝ) പാഠ്യക്രമങ്ങളുടെയും പാഠ്യപദ്ധതികളുടെയും കായികവും ശിക്ഷണപരവുമായ സൗകര്യങ്ങളുടെയും സ്റ്റാഫ് പാറ്റേണിന്റെയും സ്റ്റാഫിന്റെ യോഗ്യതകളുടെയും ബോധനത്തിന്റെ ക്വാളിറ്റിയുടെയും വിലയിരുത്തലിന്റെയും പരീക്ഷകളുടെയും മാനദണ്ഡങ്ങളും നിലവാരവും ഏർപ്പെടുത്തുകയും;

(ഞ) ട്യൂഷൻ ഫീസും മറ്റു ഫീസുകളും ചുമത്തുന്നതിനുള്ള മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശവും നിശ്ചയിക്കുകയും;

(ട) ബന്ധപ്പെട്ട ഏജൻസികളുമായി ആലോചിച്ച് പുതിയ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുകയും പുതിയ കോഴ്സുകൾക്കും പദ്ധതികൾക്കും അംഗീകാരം നൽകുകയും;

(ഠ) ഏതെങ്കിലും തൊഴിൽപരമായ നികായത്തിനോ സാങ്കേതിക വിദ്യാഭ്യാസ മേഖലയിലുള്ള സ്ഥാപനത്തിനോ അതിന്റെ മേഖലയിലുള്ള പരീക്ഷ നടത്തുന്നതും അംഗത്വ സർട്ടിഫിക്കറ്റ് നൽകുന്നതും ഉൾപ്പെടെ അങ്ങനെയുള്ള തൊഴിൽ പ്രോത്സാഹിപ്പിക്കുന്നതിനും അധികാരങ്ങളും അവകാശങ്ങളും വിശേഷാവകാശങ്ങളും നൽകുന്നതിനുള്ള അധികാരപത്രം നൽകുന്നതു സംബന്ധിച്ച് കേന്ദ്ര സർക്കാരിനെ ഉപദേശിക്കുകയും;

(ഡ) സാങ്കേതിക സ്ഥാപനങ്ങൾക്ക് സ്വയംഭരണം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും;

(ഢ) സാങ്കേതിക വിദ്യാഭ്യാസം കച്ചവടമാക്കുന്നത് തടയുന്നതിനുള്ള എല്ലാ അത്യാവശ്യ നടപടികളും സ്വീകരിക്കുകയും;

(ണ) സാങ്കേതിക സ്ഥാപനങ്ങളിലും സാങ്കേതിക വിദ്യാഭ്യാസം നൽകുന്ന സർവ്വകലാശാലകളിലും വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നതിനുള്ള മാർഗ്ഗരേഖകൾ നൽകുകയും;

(ത) ഏതെങ്കിലും സാങ്കേതിക സ്ഥാപനം പരിശോധിക്കുകയോ പരിശോധിപ്പിക്കുകയോ ചെയ്യുകയും;

(ഗ) സമിതി നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ നിർദ്ദിഷ്ട സമയത്തിനുള്ളിൽ പാലിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ള സാങ്കേതിക സ്ഥാപനങ്ങളുടെ പാഠ്യപദ്ധതികൾക്കും പരിപാടികൾക്കും ധനസഹായം നൽകുന്നത് തടഞ്ഞുവയ്ക്കുകയോ നിർത്തലാക്കുകയോ ചെയ്യുകയും സമിതിയുടെ നിർദ്ദേശങ്ങൾ പാലിക്കപ്പെടുമെന്നുറപ്പു വരുത്താൻ മറ്റു നടപടികൾ സ്വീകരിക്കുകയും;

(ദ) നിലവിലുള്ള സംഘടനകളെ ശക്തിപ്പെടുത്തുന്നതിനും സമിതിയുടെ ഉത്തരവാദിത്വങ്ങളുടെ ഫലപ്രദമായ നിർവ്വഹണം ഉറപ്പുവരുത്തുന്നതിന് പുതിയ സംഘടനകൾ രൂപീകരിക്കുന്നതിനും പ്രൊഫഷണലും ടെക്നിക്കലും സപ്പോർട്ടിംഗ് സ്റ്റാഫിന്റെയും തസ്തികകൾ ആവശ്യാനുസരണം സൃഷ്ടിക്കുന്നതിന് നടപടികൾ എടുക്കുകയും;

(ധ) ഗ്രാന്റ് സ്വീകരിക്കുന്നതിന് യോഗ്യതയുള്ള വിവിധ തലങ്ങളിലും വിവിധതരത്തിലുമുള്ള സാങ്കേതിക വിദ്യാഭ്യാസ പാഠ്യപദ്ധതികൾ പ്രദാനം ചെയ്യുന്ന സാങ്കേതിക സ്ഥാപനങ്ങൾ പ്രഖ്യാപിക്കുകയും;

(ന) സാങ്കേതിക വിദ്യാഭ്യാസം പ്രദാനം ചെയ്യുന്ന ഏതെങ്കിലും സ്ഥാപനം ഒരു സർവ്വകലാശാലയായി കരുതപ്പെടേണ്ട താണെന്ന് പ്രഖ്യാപിക്കുന്നതിന് കമ്മീഷനെ ഉപദേശിക്കുകയും;

(പ) ദേശീയ അക്രഡിറ്റേഷൻ ബോർഡ് നിർദ്ദേശിച്ച മാർഗ്ഗരേഖകളുടെയും മാനദണ്ഡങ്ങളുടെയും നിലവാരങ്ങളുടെയും അടിസ്ഥാനത്തിൽ സാങ്കേതിക സ്ഥാപനങ്ങളുടെയും പരിപാടികളുടെയും ആനുകാലിക വിലയിരുത്തലിന് ഒരു ദേശീയ അക്രഡിറ്റേഷൻ ബോർഡ് സ്ഥാപിക്കുകയും ആ സ്ഥാപനത്തിന്റെയോ ആ പരിപാടിയുടെയോ അംഗീകാരത്തെയോ അംഗീകാരം ഇല്ലാതാക്കുന്നതിനെയോ സംബന്ധിച്ച് അതിനോടോ കൗൺസിലിനോടോ കമ്മീഷനോടോ മറ്റേതെങ്കിലും നികായത്തോടോ ശിപാർശ ചെയ്യുകയും;

(ഫ) നിർണ്ണയിക്കപ്പെടാവുന്ന മറ്റ് ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യാവുന്നതാണ്.

പരിശോധന.

11. (1) ഒരു സാങ്കേതിക സ്ഥാപനത്തിന്റെയോ സർവ്വകലാശാലയുടെയോ സാമ്പത്തികാവശ്യങ്ങളോ അതിന്റെ അദ്ധ്യയനത്തിന്റെയോ പരീക്ഷയുടെയോ ഗവേഷണത്തിന്റെയോ നിലവാരങ്ങൾ തിട്ടപ്പെടുത്തുന്നതിന് അങ്ങനെയുള്ള സാങ്കേതിക സ്ഥാപനത്തിന്റെയോ സർവ്വകലാശാലയുടെയോ വകുപ്പോ വകുപ്പുകളോ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ അതു നിർദ്ദേശിക്കുന്ന അങ്ങനെയുള്ള ആളെയോ ആളുകളെയോകൊണ്ട് സമിതിക്ക് പരിശോധന നടത്തിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ ഏതെങ്കിലും പരിശോധന നടത്തിക്കേണ്ടപ്പോൾ ആ തീയതി സമിതി സർവ്വകലാശാലയെയോ സാങ്കേതിക സ്ഥാപനത്തെയോ അറിയിക്കേണ്ടതും സർവ്വകലാശാലയ്ക്കോ സാങ്കേതിക സ്ഥാപനത്തിനോ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ അങ്ങനെയുള്ള പരിശോധനയിൽ കൂട്ടുചേരുന്നതിന് അവകാശമുണ്ടായിരിക്കുന്നതുമാണ്.

(3) സമിതി, സാങ്കേതിക സ്ഥാപനത്തെയോ സർവ്വകലാശാലയെയോ അങ്ങനെയുള്ള ഏതെങ്കിലും പരിശോധന സംബന്ധിച്ച അതിന്റെ അഭിപ്രായം അറിയിക്കേണ്ടതും അങ്ങനെയുള്ള സാങ്കേതിക സ്ഥാപനത്തിന്റെയോ സർവ്വകലാശാലയുടെയോ അഭിപ്രായം ആരാഞ്ഞശേഷം പരിശോധനയുടെ അടിസ്ഥാനത്തിൽ എടുക്കേണ്ട നടപടികൾ ആ സ്ഥാപനത്തോടോ സർവ്വകലാശാലയോടോ ശിപാർശ ചെയ്യേണ്ടതുമാണ്.

(4) ഈ വകുപ്പിൻകീഴിൽ സാങ്കേതിക സ്ഥാപനവുമായോ സർവ്വകലാശാലയുമായോ ഉള്ള എല്ലാ എഴുത്തുകുത്തുകളും അതിന്റെ എക്സിക്യൂട്ടീവ് അതോറിറ്റിയുമായി നടത്തേണ്ടതും സാങ്കേതിക സ്ഥാപനത്തിന്റെയോ സർവ്വകലാശാലയുടെയോ എക്സിക്യൂട്ടീവ് അതോറിറ്റി, (3)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും ശിപാർശ നടപ്പിൽ വരുത്തുന്നതിന് എടുക്കാനുദ്ദേശിക്കുന്ന നടപടികൾ വല്ലതുമുണ്ടെങ്കിൽ അത് സമിതിക്ക് റിപ്പോർട്ട് ചെയ്യേണ്ടതും ആണ്.

## അദ്ധ്യായം IV
## സമിതിയുടെ നികായങ്ങൾ

12. (1) സമിതി നൽകുന്ന അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റി എന്ന് വിളിക്കപ്പെടുന്ന ഒരു കമ്മിറ്റി സമിതി രൂപീകരിക്കേണ്ടതാണ്. സമിതിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി

(2) എക്സിക്യൂട്ടീവ് കമ്മിറ്റി താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയതായിരിക്കേണ്ടതാണ്, അതായത്:—

(ക) സമിതിയുടെ ചെയർമാൻ;

(ഖ) സമിതിയുടെ വൈസ് ചെയർമാൻ;

(ഗ) ഭാരത സർക്കാരിന്റെ വിദ്യാഭ്യാസം കൈകാര്യം ചെയ്യുന്ന മന്ത്രാലയത്തിന്റെ സെക്രട്ടറി—എക്സ് ഒഫിഷ്യോ;

(ഘ) മേഖലാ കമ്മിറ്റിയിലെ രണ്ടു ചെയർമാൻമാർ;

(ങ) പഠനബോർഡുകളുടെ മൂന്ന് ചെയർമാൻമാർ;

(ച) കേന്ദ്ര സർക്കാരിന്റെ ധനകാര്യ മന്ത്രാലയത്തെ പ്രതിനിധീകരിക്കുന്ന സമിതിയിലെ ഒരംഗം—എക്സ് ഒഫിഷ്യോ;

(ഛ) 3-ാം വകുപ്പ് (4)-ാം ഉപവകുപ്പ് (ട) ഖണ്ഡത്തിൻകീഴിൽ സംസ്ഥാനങ്ങളെയും യൂണിയൻ പ്രദേശങ്ങളെയും പ്രതിനിധീകരിച്ചുള്ള സമിതിയിലെ എട്ട് അംഗങ്ങളിൽ നാലു പേർ;

(ജ) സമിതിയുടെ ചെയർമാൻ നാമനിർദ്ദേശം ചെയ്യേണ്ട സാങ്കേതിക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട വിവിധ മേഖലകളിൽ നൈപുണ്യവും പ്രശസ്തിയുമുള്ള നാല് അംഗങ്ങൾ;

(ഝ) സർവ്വകലാശാല ധനസഹായ കമ്മീഷൻ അദ്ധ്യക്ഷൻ—എക്സ് ഒഫിഷ്യോ;

(ഞ) 'ന്യൂഡൽഹിയിലെ' പ്രയുക്തമാനവശേഷി ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർ—എക്സ് ഒഫിഷ്യോ;

GCPT. 3/3090/2011/DTP.

(ട) ഭാരത കാർഷിക ഗവേഷണ കൗൺസിലിന്റെ ഡയറക്ടർ ജനറൽ—എക്സ് ഒഫിഷ്യോ;

(ഠ) സമിതിയുടെ മെമ്പർ സെക്രട്ടറി.

(3) സമിതിയുടെ ചെയർമാനും മെമ്പർ സെക്രട്ടറിയും യഥാക്രമം എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ചെയർമാനും മെമ്പർ സെക്രട്ടറിയുമായി ചുമതല വഹിക്കേണ്ടതാണ്.

(4) സമിതിയുടെ ചെയർമാനോ അയാളുടെ അഭാവത്തിൽ വൈസ് ചെയർമാനോ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ യോഗങ്ങളിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതും ചെയർമാന്റെയും വൈസ് ചെയർമാന്റെയും അഭാവത്തിൽ യോഗത്തിൽ സന്നിഹിതരായിട്ടുള്ള അംഗങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്ന മറ്റ് ഏതെങ്കിലും അംഗം യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതുമാണ്.

(5) എക്സിക്യൂട്ടീവ് കമ്മിറ്റി, റഗുലേഷനുകളാൽ സമിതി വ്യവസ്ഥ ചെയ്യാവുന്ന അങ്ങനെയുള്ള സമയത്തും സ്ഥലങ്ങളിലും യോഗം ചേരേണ്ടതും, ബിസിനസ്സിന്റെ നടത്തിപ്പ് സംബന്ധിച്ച നടപടിക്രമം (അങ്ങനെയുള്ള യോഗങ്ങളിലെ ക്വോറം ഉൾപ്പെടെ) പാലിക്കേണ്ടതുമാണ്.

പഠനബോർഡുകൾ

13. (1) സമിതി താഴെപ്പറയുന്ന പഠനബോർഡുകൾ സ്ഥാപിക്കേണ്ടതാണ്, അതായത്:—

(i) അഖിലഭാരത തൊഴിലധിഷ്ഠിത വിദ്യാഭ്യാസ ബോർഡ്;

(ii) അഖിലഭാരത സാങ്കേതിക വിദ്യാഭ്യാസ ബോർഡ്;

(iii) ഇഞ്ചിനീയറിംഗിലും സാങ്കേതിക ശാസ്ത്രത്തിലും അണ്ടർ ഗ്രാഡുവേറ്റ് പഠനങ്ങൾക്കുള്ള അഖിലഭാരത ബോർഡ്;

(iv) ഇഞ്ചിനീയറിംഗിലും സാങ്കേതിക ശാസ്ത്രത്തിലും ബിരുദാനന്തര പഠനത്തിനും ഗവേഷണത്തിനുമുള്ള അഖിലഭാരത ബോർഡ്;

(v) മാനേജ്മെന്റ് പഠനങ്ങൾക്കുള്ള അഖിലഭാരത ബോർഡ്.

(2) സമിതി, ആവശ്യമെന്ന് അതു കരുതുന്ന പക്ഷം, യുക്തമെന്ന് അതിനുതോന്നുന്ന അങ്ങനെയുള്ള മറ്റു പഠനബോർഡുകൾ സ്ഥാപിക്കാവുന്നതാണ്.

(3) ഓരോ പഠനബോർഡും അതിന്റെ ബന്ധപ്പെട്ട മേഖലകളിൽപ്പെടുന്ന വിദ്യാഭ്യാസ സംബന്ധമായ കാര്യങ്ങളിൽ, മാനദണ്ഡങ്ങൾ, നിലവാരങ്ങൾ, മാതൃകാ പാഠ്യപദ്ധതി, മാതൃകാ സൗകര്യങ്ങൾ, പഠനക്രമങ്ങളുടെ ഘടന എന്നിവ ഉൾപ്പെടെ, എക്സിക്യൂട്ടീവ് കമ്മിറ്റിയെ ഉപദേശിക്കേണ്ടതാണ്.

(4) പഠനബോർഡുകളുടെ ബന്ധപ്പെട്ട മേഖലകളും അധികാരങ്ങളും രൂപീകരണവും പ്രവർത്തനങ്ങളും സമിതി റഗുലേഷനുകളാൽ നിശ്ചയിക്കുന്ന പ്രകാരമായിരിക്കേണ്ടതാണ്.

മേഖലാ കമ്മിറ്റികൾ

14. (1) സമിതി താഴെപ്പറയുന്ന മേഖലാ കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്, അതായത്:—

(i) കാൺപൂരിൽ ഓഫീസോടുകൂടിയ ഉത്തരമേഖലാ കമ്മിറ്റി;

(ii) മദ്രാസിൽ ഓഫീസോടുകൂടിയ ദക്ഷിണമേഖലാ കമ്മിറ്റി;

(iii) ബോംബെയിൽ ഓഫീസോടുകൂടിയ പശ്ചിമമേഖലാ കമ്മിറ്റി;

(iv) കൽക്കട്ടയിൽ ഓഫീസോടുകൂടിയ പൂർവ്വമേഖലാ കമ്മിറ്റി.

(2) സമിതി, ആവശ്യമെന്ന് അതു കരുതുന്നപക്ഷം, അതിനു യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള മറ്റ് മേഖലാ കമ്മിറ്റികൾ സ്ഥാപിക്കാവുന്നതാണ്.

(3) മേഖലാ കമ്മിറ്റി, ആ മേഖലയ്ക്കുള്ളിലുള്ള സാങ്കേതിക വിദ്യാഭ്യാസത്തിന്റെ ആസൂത്രണത്തിന്റെയും പ്രോത്സാഹനത്തിന്റെയും ക്രമീകരണത്തിന്റെയും എല്ലാ വശങ്ങളും പരിശോധിക്കുന്നതിൽ സമിതിയെ ഉപദേശിക്കേണ്ടതും സഹായിക്കേണ്ടതുമാണ്.

(4) ഏതു മേഖലയ്ക്കുവേണ്ടി മേഖലാ കമ്മിറ്റികൾ സ്ഥാപിക്കണമെന്നും അങ്ങനെയുള്ള കമ്മിറ്റികളുടെ രൂപീകരണവും ചുമതലകളും റഗുലേഷനുകളാൽ നിർണ്ണയിക്കപ്പെടേണ്ടതുമാണ്.

## അദ്ധ്യായം V

## ധനകാര്യവും അക്കൗണ്ടുകളും ഓഡിറ്റും

15. നിയമംമൂലം, പാർലമെന്റ് ഇതിലേക്ക് യഥാവിധി വകകൊള്ളിച്ചശേഷം കേന്ദ്ര സർക്കാർ ഓരോ സാമ്പത്തികവർഷവും ഈ ആക്റ്റിൻകീഴിൽ സമിതിയുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് ആവശ്യമെന്ന് കരുതുന്നത്ര തുകകൾ സമിതിക്ക് നൽകേണ്ടതാണ്. സമിതിക്ക് പണം കൊടുക്കൽ

16. (1) സമിതിക്ക് അതിന്റെ സ്വന്തമായുള്ള ഒരു നിധി ഉണ്ടായിരിക്കേണ്ടതും, അപ്പോഴപ്പോൾ കേന്ദ്ര സർക്കാർ അതിനു നൽകുന്നതും (ഏതെങ്കിലും സംസ്ഥാന സർക്കാരോ മറ്റ് ഏതെങ്കിലും അധികാരസ്ഥാനമോ ഏതെങ്കിലും ആളോ സമിതിക്ക് കൈമാറുന്ന ഏതെങ്കിലും തുക ഉൾപ്പെടെ) സമിതി സ്വീകരിക്കുന്നതുമായ എല്ലാ വരവുകളും നിധിയിലേക്ക് വരവു വയ്ക്കേണ്ടതും സമിതിയുടെ എല്ലാ പണം കൊടുക്കലുകളും അതിൽനിന്നും നടത്തേണ്ടതുമാണ്. സമിതിയുടെ നിധി

(2) നിധിയുടെ എല്ലാ തുകകളും കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനു വിധേയമായി സമിതി തീരുമാനിക്കാവുന്ന അങ്ങനെയുള്ള ബാങ്കുകളിൽ ഡെപ്പോസിറ്റ് ചെയ്യുകയോ അല്ലെങ്കിൽ അങ്ങനെയുള്ള രീതിയിൽ നിക്ഷേപിക്കുകയോ ചെയ്യേണ്ടതാണ്.

(3) സമിതിക്ക് ഈ ആക്റ്റിൻകീഴിലുള്ള അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിന് യുക്തമെന്ന് അതു കരുതുന്ന തുകകൾ ചെലവാക്കാവുന്നതും അങ്ങനെയുള്ള തുകകൾ സമിതിയുടെ നിധിയിൽ നിന്നും നൽകേണ്ടതായ തുകകളായി കണക്കാക്കേണ്ടതും ആണ്.

17. സമിതി ഓരോ വർഷവും നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിലും അങ്ങനെയുള്ള സമയത്തും തൊട്ടടുത്തുവരുന്ന സാമ്പത്തിക വർഷത്തേക്ക് മതിപ്പാക്കിയ വരവും ചെലവും കാണിച്ചുകൊണ്ട് ഒരു ബഡ്ജറ്റ് തയ്യാറാക്കേണ്ടതും അതിന്റെ പകർപ്പുകൾ കേന്ദ്രസർക്കാരിന് അയച്ചുകൊടുക്കേണ്ടതുമാണ്. ബഡ്ജറ്റ്

18. സമിതി, വർഷത്തിലൊരിക്കൽ, നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിലും അങ്ങനെയുള്ള സമയത്തും അതിന്റെ മുൻവർഷത്തെ പ്രവർത്തനങ്ങൾ സംബന്ധിച്ച് സത്യവും പൂർണ്ണവുമായ വിവരം നൽകുന്ന ഒരു വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ടതും അതിന്റെ പകർപ്പുകൾ കേന്ദ്ര സർക്കാരിന് അയച്ചു കൊടുക്കേണ്ടതും ആ സർക്കാർ അതു പാർലമെന്റിന്റെ ഇരു സഭകളുടെയും മുൻപാകെ വയ്പിക്കേണ്ടതുമാണ്. വാർഷിക റിപ്പോർട്ട്

19. (1) സമിതി ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലുമായി കൂടിയാലോചിച്ച് നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിലും രീതിയിലും അതിന്റെ അക്കൗണ്ടുകൾ സംബന്ധിച്ച് അക്കൗണ്ടു ബുക്കുകളും മറ്റു ബുക്കുകളും വച്ചു പോരേണ്ടതാണ്. അക്കൗണ്ടുകളും ആഡിറ്റും

(2) സമിതി, അതിന്റെ വാർഷിക കണക്കുകൾ തീർത്തശേഷം ആവുന്നത്ര വേഗം, അങ്ങനെയുള്ള ഫാറത്തിൽ അക്കൗണ്ടുകളുടെ ഒരു സ്റ്റേറ്റുമെന്റ് തയ്യാറാക്കേണ്ടതും കേന്ദ്ര സർക്കാർ ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലുമായി കൂടിയാലോചിച്ച് നിശ്ചയിക്കുന്ന തീയതിയോടെ ആയത് ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലിന് അയച്ചുകൊടുക്കേണ്ടതുമാണ്.

GCPT. 3/3090/2011/DTP.

(3) ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറൽ തനിക്ക് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള സമയത്തും അങ്ങനെയുള്ള രീതിയിലും സമിതിയുടെ അക്കൗണ്ടുകൾ ആഡിറ്റ് ചെയ്യേണ്ടതാണ്.

(4) ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലോ ആ ആൾ ഇതിലേക്ക് നിയമിച്ചിട്ടുള്ള മറ്റേതെങ്കിലും ആളോ സാക്ഷ്യപ്പെടുത്തുന്ന സമിതിയുടെ അക്കൗണ്ടുകൾ അതിൻമേലുള്ള ആഡിറ്റ് റിപ്പോർട്ടോടുകൂടി വർഷംതോറും കേന്ദ്ര സർക്കാരിന് അയച്ചുകൊടുക്കേണ്ടതും ആ സർക്കാർ പാർലമെന്റിന്റെ ഇരു സഭകളുടെയും മുൻപാകെ അതു വയ്പിക്കേണ്ടതുമാണ്.

## അദ്ധ്യായം VI

### പലവക

കേന്ദ്ര സർക്കാരിനാലുള്ള നിർദ്ദേശങ്ങൾ

20. (1) ഈ ആക്റ്റിൻകീഴിലുള്ള അതിന്റെ ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിൽ നയപരമായ പ്രശ്നങ്ങളിൽ അപ്പോഴപ്പോൾ കേന്ദ്ര സർക്കാർ ലിഖിതമായി അതിനു നൽകാവുന്ന നിർദ്ദേശങ്ങൾ അനുസരിക്കാൻ സമിതി ബാദ്ധ്യസ്ഥമായിരിക്കുന്നതാണ്.

(2) ഒരു പ്രശ്നം നയപരമായതാണോ അല്ലയോ എന്നതു സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

സമിതിയെ അതിലംഘിക്കാനുള്ള അധികാരം

21. (1) ഈ ആക്റ്റിനാലോ ആക്റ്റിൻകീഴിലോ സമിതിയിൽ ചുമത്തപ്പെട്ടിട്ടുള്ള കർത്തവ്യം നിർവ്വഹിക്കുന്നതിന് സാധിക്കുകയില്ലെന്നോ നിർവ്വഹിക്കുന്നതിൽ തുടരെത്തുടരെ വീഴ്ചവരുത്തിയെന്നോ അല്ലെങ്കിൽ അതിന്റെ അധികാരങ്ങൾ കവിയുകയോ ദുരുപയോഗപ്പെടുത്തുകയോ അല്ലെങ്കിൽ മനഃപൂർവ്വമായോ മതിയായ കാരണങ്ങളില്ലാതെയോ 20-ാം വകുപ്പിൻകീഴിൽ കേന്ദ്ര സർക്കാർ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ചവരുത്തുകയോ ചെയ്തതായി കേന്ദ്ര സർക്കാരിന് അഭിപ്രായമുള്ളപക്ഷം, കേന്ദ്ര സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, ആ വിജ്ഞാപനത്തിൽ നിർദ്ദേശിക്കാവുന്ന കാലത്തേക്ക് സമിതിയെ അതിലംഘിക്കാവുന്നതാണ്:

എന്നാൽ, ഈ ഉപവകുപ്പിൻകീഴിൽ ഒരു വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുമുമ്പ് കേന്ദ്ര സർക്കാർ അതിനെ അതിലംഘിക്കാതിരിക്കാനുള്ള കാരണം കാണിക്കാൻ ന്യായമായ സമയം സമിതിക്ക് നൽകേണ്ടതും സമിതിയുടെ വിശദീകരണമോ ആക്ഷേപങ്ങളോ വല്ലതുമുണ്ടെങ്കിൽ അതു പരിഗണിക്കേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ സമിതിയെ അതിലംഘിച്ചുകൊണ്ട് ഒരു വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതോടെ,—

(ക) സമിതിയിലെ എല്ലാ അംഗങ്ങളും അവരുടെ ഉദ്യോഗ കാലാവധി തീർന്നിട്ടില്ലെങ്കിൽത്തന്നെയും അതിലംഘിക്കുന്ന തീയതി മുതൽ അവരുടെ അംഗങ്ങളെന്ന നിലയിലുള്ള ഉദ്യോഗം ഒഴിയേണ്ടതും;

(ഖ) ഈ ആക്റ്റിലെ വ്യവസ്ഥകളനുസരിച്ചോ അതിൻകീഴിലോ സമിതിയോ സമിതിക്കുവേണ്ടിയോ പ്രയോഗിക്കേണ്ടതോ നിർവ്വഹിക്കേണ്ടതോ ആയ എല്ലാ അധികാരങ്ങളും കർത്തവ്യങ്ങളും, അതിലംഘന കാലത്ത് കേന്ദ്രസർക്കാർ നിർദ്ദേശിക്കുന്ന ആളോ ആളുകളോ പ്രയോഗിക്കുകയും നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്;

(ഗ) സമിതിയിൽ നിക്ഷിപ്തമായ എല്ലാ സ്വത്തും അതിലംഘനകാലത്ത് കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാകുന്നതാണ്.

(3) (1)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള അതിലംഘനത്തിന്റെ കാലയളവ് അവസാനക്കുന്നതിൻമേൽ കേന്ദ്രസർക്കാരിന്—

(ക) ആവശ്യമെന്ന് അത് കരുതുന്ന കൂടുതൽ കാലത്തേക്ക് അതിലംഘന കാലാവധി നീട്ടാവുന്നതും;

(ഖ) 3-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ സമിതി പുനർരൂപീകരണം നടത്താവുന്നതും;

ആണ്.

ചട്ടങ്ങളുണ്ടാക്കാനുള്ള അധികാരം

22. (1) കേന്ദ്ര സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, ഈ ആക്റ്റിന്റെ ആവശ്യങ്ങൾ നടപ്പാക്കുന്നതിന് ചട്ടങ്ങളുണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും മേൽപ്പറഞ്ഞ അധികാരങ്ങളുടെ സാമാന്യതയ്ക്ക് ഭംഗംവരാതെയും അങ്ങനെയുള്ള ചട്ടങ്ങൾ താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്ക് വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) അംഗങ്ങൾ അവരുടെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ പാലിക്കേണ്ട നടപടിക്രമം;

(ഖ) സാങ്കേതിക സ്ഥാപനങ്ങളുടെയും സർവ്വകലാശാലകളുടെയും പരിശോധന;

(ഗ) സമിതി ബഡ്ജറ്റും റിപ്പോർട്ടും ഏത് ഫാറത്തിലും രീതിയിലും തയ്യാറാക്കണമെന്ന്;

(ഘ) സമിതിയുടെ അക്കൗണ്ടുകൾ ഏതു രീതിയിൽ വച്ചുപോരണമെന്ന്;

(ങ) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റ് ഏതെങ്കിലും കാര്യങ്ങൾ.

റഗുലേഷനുകൾ ഉണ്ടാക്കാനുള്ള അധികാരം

23. (1) സമിതിക്ക് ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി സാമാന്യമായി ഈ ആക്റ്റിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് അസംഗതമല്ലാത്ത ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ നടപ്പാക്കുന്നതിന് റഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മേൽപ്പറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗംവരാതെയും അങ്ങനെയുള്ള റഗുലേഷനുകൾ താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്ക് വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) സമിതിയുടെ യോഗങ്ങൾ ക്രമീകരിക്കുന്നതിനും അതിലെ ബിസിനസ്സ് നടത്തിപ്പിന്റെ നടപടിക്രമത്തിനും;

(ഖ) സമിതിയിലെ ഓഫീസർമാരുടെയും ജീവനക്കാരുടെയും സേവന നിബന്ധനകൾക്കും ഉപാധികൾക്കും;

(ഗ) എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ യോഗങ്ങൾ ക്രമീകരിക്കുന്നതിനും അതിലെ ബിസിനസ്സ് നടത്തിപ്പിനുള്ള നടപടിക്രമത്തിനും ;

(ഘ) പഠനബോർഡുകളുടെ ബന്ധപ്പെട്ട മേഖലാ രൂപീകരണം, അധികാരങ്ങൾ, ചുമതലകൾ;

(ങ) മേഖലാ കമ്മിറ്റി ഏതു മേഖലയ്ക്കുവേണ്ടി സ്ഥാപിക്കണമെന്നും അങ്ങനെയുള്ള കമ്മിറ്റിയുടെ രൂപീകരണവും ചുമതലകളും.

ചട്ടങ്ങളും റഗുലേഷനുകളും പാർലമെന്റ് മുമ്പാകെ വയ്ക്കണമെന്ന്

24. ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും റഗുലേഷനും അതുണ്ടാക്കിയശേഷം ആകുന്നത്രവേഗത്തിൽ പാർലമെന്റ് സമ്മേളനത്തിലായിരിക്കുമ്പോൾ, അതിന്റെ ഓരോ സഭയുടെയും മുമ്പാകെ അത് ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പതു ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായുള്ള സമ്മേളനങ്ങൾക്കോ തൊട്ടുപിന്നാലെവരുന്ന സമ്മേളനം അവസാനിക്കുന്നതിനുമുമ്പ് ഇരു സഭകളും ആ ചട്ടത്തിലോ റഗുലേഷനിലോ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടമോ റെഗുലേഷനോ ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നു എങ്കിൽ അതിനുശേഷം, ആ ചട്ടത്തിനോ റഗുലേഷനോ, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവമുണ്ടായിരിക്കുകയോ അല്ലെങ്കിൽ പ്രഭാവമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻകീഴിലോ റഗുലേഷനുകീഴിലോ മുമ്പ് ചെയ്യപ്പെട്ടിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിലായിരിക്കുന്നതാണ്.

വിഷമതകൾ നീക്കം ചെയ്യുവാനുള്ള അധികാരം

25. (1) കേന്ദ്ര സർക്കാരിന് ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രഭാവം നൽകുന്നതിൽ ഏതെങ്കിലും വിഷമത ഉത്ഭവിക്കുന്നുവെങ്കിൽ, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന ഉത്തരവുവഴി ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അസംഗതമല്ലാത്തതും ആ വിഷമത നീക്കം ചെയ്യുവാൻ ആവശ്യമെന്ന് തോന്നുന്നതുമായ വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ, ഈ ആക്റ്റിന്റെ പ്രാരംഭം മുതൽ രണ്ടുവർഷം കഴിഞ്ഞതിനുശേഷം യാതൊരുത്തരവും ഈ വകുപ്പിൻകീഴിൽ പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) ഈ വകുപ്പിൻകീഴിൽ പുറപ്പെടുവിച്ച ഓരോ ഉത്തരവും അതു പുറപ്പെടുവിച്ചശേഷം ആകുന്നത്രവേഗത്തിൽ പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ വയ്ക്കേണ്ടതാണ്.

---

## THE ALL INDIA COUNCIL FOR TECHNICAL EDUCATION ACT, 1987

(Act No. 52 of 1987)

## സാങ്കേതിക വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള അഖില ഭാരത സമിതി ആക്റ്റ്, 1987

(1987-ലെ 52-ാം നമ്പർ ആക്റ്റ്)

### GLOSSARY

| | | | | |
|---|---|---|---|---|
| 1. | Co-ordinated development | : | ഏകോപിത വികസനം | Long title |
| 2. | Innovation | : | നൂതനാവിഷ്കരണം | S. 10 (1) (d) |
| 3. | After due appropriation | : | യഥാവിധി വക കൊള്ളിച്ചശേഷം | S. 15 |
| 4. | True and full | : | സത്യവും പൂർണ്ണവുമായ | S. 18 |

---